**ഭൂമിരാഷ്ട്രീയത്തിന്റെ ഭാവി ദിശാസൂചകമായ ചില പ്രായോഗിക മാനദണ്ഡങ്ങൾ/നിർദേശങ്ങൾ.**
**സമൂർത്തവും, വിശദവുമായ ചർച്ചകൾക്കുള്ള ആദ്യപടി എന്ന നിലക്ക് മാത്രം**

# ഭൂമിരാഷ്ട്രീയത്തിന്റെ ദിശാസൂചകങ്ങൾ

**1**. ഗർഭിണിയായ ഒരു സ്ത്രീയെയും അവളിലെ ഗർഭസ്ഥ ശിശുവിനെയും മുൻനിറുത്തി സുസ്ഥിരമായ ജീവിതവ്യവസ്ഥയുടെ സാമാന്യ സവിശേഷതകൾ നമുക്ക് മനസിലാക്കാനാവും. ഗർഭിണിയായ അമ്മയും കുട്ടിയും രണ്ട് അസ്തിത്വമല്ല. അമ്മക്ക് – കുഞ്ഞിന് ശുദ്ധ വായുവും കുടിവെള്ളവും ഭക്ഷണവും ആവശ്യമുണ്ട്; മനസമാധാനവും വേണം. ഒരാളുടെ നഷ്ടം വേറൊരാളുടെ ലാഭമായി മാറുന്ന ജീവിതശൈലിയിൽ ഇതെല്ലാം തീർത്തും ബുദ്ധിമുട്ടാണ്.

**2**. നമുക്ക് രണ്ടു തരം സമ്പദ്‌വ്യവസ്ഥകൾ സാധ്യമാണ്; ഒന്ന്, പ്രകൃതിയുടെ – സ്വാഭാവിക പുനരുല്പാദനത്തിന്റെ – സമൃദ്ധിയുടെ സാമ്പത്തികത (economy of abundence); മറ്റൊന്ന് പണത്തിന്റെ – കമ്പോളത്തിന്റെ – ആഡംബരത്തിന്റെ സാമ്പത്തികത (economy of opluence) ഇവ രണ്ടും ഒരുമിച്ചു ജീവിക്കാനാവില്ല. കാരണം രണ്ടിനും ആവശ്യമുള്ള ജീവിതവീക്ഷണങ്ങൾ പരസ്പര വിരുദ്ധമാണ്. ഇന്നത്തെ നമ്മുടെ കമ്പോള ഉപഭോഗം കുറച്ചു കൊണ്ട് വരാൻ മണ്ണിനെയും സ്വയംപര്യാപ്ത ഭക്ഷണത്തെയും അടിസ്ഥാനമാക്കുന്ന സമ്പദ്‌വ്യവസ്ഥയിലേക്ക് ചുവടു മാറാതെ പറ്റില്ല. ഇതിനർത്ഥം കാട്ടിലേക്ക് തിരിച്ച് പോകണമെന്നുമല്ല; കാടിനും, നഗരത്തിനും ഇടയ്ക്ക് നമുക്കൊരുപാട് ഇടങ്ങളുണ്ടാവണം. ഇക്കാര്യത്തിൽ സമാന താൽപ്പര്യം ഉള്ളവരുടെ കൂട്ടായ്മകൾക്ക് കാര്യമായ സാധ്യതകളുണ്ട്.

ഇന്ത്യയിൽ സ്വാതന്ത്ര്യസമര കാലത്ത് രൂപപ്പെട്ട നിസ്സഹകരണ (non cooperation) പ്രസ്ഥാനത്തിന് മാറിയ കാലഘട്ടത്തിൽ വലിയ പ്രസക്തിയുണ്ട്. ഇന്ന് ആഗോളവൽക്കരണം നമ്മളോരോരുത്തരേയും ഉല്പാദകനും ഉപഭോക്താവും ആക്കുന്നുണ്ട്; മൂലധനമെന്നത് ഇന്ന് അത്രമേൽ വികേന്ദ്രീകൃതവും വ്യക്തിനിഷ്ഠവുമാണ്. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രസ്ഥാനങ്ങളുടെ കേന്ദ്രീകൃതഘടന മുതലാളിത്തത്തെ ചെറുക്കുവാൻ നമുക്കിന്ന് അത്യാവശ്യമില്ല; എന്നാൽ വ്യക്തിക്ക് തന്റെ രാഷ്ട്രീയ നിലപാടിനെ, സ്ഥാപന സ്വഭാവമില്ലാത്ത കൂട്ടായ്മകളുടെ ആഗോളശ്രേണീജാലവുമായി (global network) ബന്ധപ്പെടുത്തുവാനും ആവണം.

**3**. കീടനാശിനിയും രാസവളവും ചേർത്ത് ഭക്ഷണം ഉണ്ടാക്കി ലാഭം നേടുന്ന കൂട്ടരെ കർഷകരായി കരുതാൻ നിവൃത്തിയില്ല; ഭൂമിക്കും മനുഷ്യർക്കും വിഷം കൊടുത്തിട്ട് നേട്ടം അന്വേഷിക്കുന്ന കർഷകൻ, തനിക്ക് സംഭവിച്ചിട്ടുള്ള ഏറ്റവും വലിയ ദാരിദ്ര്യം ഈ സ്വാർത്ഥതയാണെന്ന് മനസിലാക്കേണ്ടതുണ്ട്. അഥവാ ജീവിക്കുവാൻ വേറെ നിവൃത്തിയില്ലെന്ന് ചിന്തിക്കുന്നത് പോലെ ഇതൊക്കെ ചെയ്ത് ജീവിച്ചിട്ടെന്തിനാണെന്നും ആലോചിക്കാവുന്നതാണ്.

കുടിവെള്ളം, ഭക്ഷണം, വായു, തുടങ്ങിയവ മലിനീകരിക്കപ്പെട്ടാൽ, അതിന് ആദ്യം ഇരകളാവുക സമൂഹത്തിലെ അടിസ്ഥാന വർഗങ്ങളായിരിക്കും. മുക്കുവരടക്കമുള്ള ഈ വിഭാഗങ്ങളെ എക്കാലവും സംരക്ഷിച്ചിട്ടുള്ളത് പ്രകൃതിയാണ്, ഭരണകൂടങ്ങളല്ല. പ്രകൃതിസംരക്ഷണ ചർച്ചകൾ മധ്യവർഗത്തിന് പലപ്പോഴും ആഡംബരമോ നേരംപോക്കോ ആണെങ്കിൽ, അടിസ്ഥാന വിഭാഗങ്ങൾക്ക് അത് ജീവൻമരണ പ്രശ്നമാണ്.

കർഷകരും മുക്കുവരും മൂലമുണ്ടാവുന്ന മിച്ചമൂല്യമാണ് മുതലാളിത്തത്തിന്റെ അടിത്തറ. അതുകൊണ്ട് തന്നെ ഇന്നത്തെ ലോകത്തിന് വേണ്ട ദിശാബോധം കൊടുക്കുവാൻ അവർക്ക് വളരെയധികം കരുത്തുണ്ട്. ഭക്ഷണോല്പാദകർ വിപണിക്ക് വേണ്ടിയുള്ള ഉൽപാദനം കുറച്ചു കൊണ്ട് വരുന്നതും, വിപണനം പ്രാദേശിക തലത്തിലേക്ക് പരിമിതപ്പെടുത്തുന്നതും തീർത്തും ഫലപ്രദമാണ്.

**4**. 'തൊഴിൽ' എന്ന ചിന്താഗതി ഇല്ലാതാവണം. മനുഷ്യരെല്ലാം പ്രകൃത്യാൽ പരസ്പരാശ്രിതരാണ്. ആനകളേയും കുതിരകളേയും പോലെ നമ്മൾ കൂട്ടമായാണ് ജീവിക്കുന്നത്. നമ്മൾ ഓരോരുത്തരും കഴിക്കുന്ന ഭക്ഷണം ഉൾപ്പെടെയുള്ള വിഭവങ്ങൾ മറ്റ് ഒരുപാടാളുകളുടെ തപസ്സിന്റെ ഫലമാണ്. ഇങ്ങനെ വ്യക്തി നിലനിൽപ്പിനായി സമൂഹത്തെ ആശ്രയിക്കുന്നതിന് സമാനമായി തനിക്ക് ചെയ്യാൻ ഇഷ്ടമുള്ളതും, സമൂഹത്തിനാകെ പ്രയോജനപ്പെടുന്നതുമായ കഴിവുകൾ ആർജിക്കുകയെന്നത് തീർത്തും സ്വാഭാവികമാണ്. ഓരോരുത്തരും പഠിച്ച വിദ്യ അത് ആവശ്യമുള്ളവരെ ഉത്തരവാദിത്തപൂർവം പഠിപ്പിക്കുന്നതും നമുക്ക് സഹജമാണ്. ഇതൊക്കെ തൊഴിൽ ആയി മാറുന്നത് കാര്യമായ അധപതനമാണ്. ഇന്ന് ഇത്രയും എണ്ണം തൊഴിലുണ്ടാക്കുമെന്ന് പറഞ്ഞാണ് എല്ലാ വികസന പരിപാടികളും അരങ്ങേറുന്നത്.

അധ്യാപനശേഷിയുള്ളവർക്ക് തങ്ങൾക്കറിയാവുന്ന ഏത് അറിവും/കഴിവും ഗുരുകുല മാതൃകയിൽ വീടുതന്നെ വിദ്യാലയമാക്കി പഠിതാക്കൾക്ക് കൈമാറാവുന്നതാണ്.

മനുഷ്യരുടെ ക്രിയാത്മകശേഷികളെ നമുക്ക് സുസ്ഥിര ഗവേഷണപ്രവർത്തന മേഖലകളിലേക്ക് വഴി മാറ്റി വിടാനാവണം. അതുപോലെ അസ്ഥിരമായ സാങ്കേതിക വിദ്യകളെ അവയെ ഇല്ലാതാക്കുവാൻ തന്നെ പ്രയോജനപ്പെടുത്താം.

**5**. ശാസ്ത്രജ്ഞർ, സാഹിത്യകാരൻമാർ, കലാകാരന്മാർ, മാധ്യമപ്രവർത്തകർ തൊഴിലാളികൾ തുടങ്ങിയവരിൽ പലരും തങ്ങളുടെ അറിവ്/കഴിവ് മുഴുവൻ മനുഷ്യരാശിയുടെയും തപസ്സിന്റെ തുടർച്ചയായി മനസിലാക്കാതെ, സ്വകാര്യസ്വത്താക്കി, വെള്ളിക്കാശിന് വിൽക്കുന്ന പ്രവണത ഇന്ന് വ്യാപകമാണ്. ഇതൊക്കെ ചെയ്തിട്ട് ഒരുവന് മേൽഗതിയുണ്ടാവുമെങ്കിൽ എക്കാലത്തെയും മനുഷ്യസ്നേഹികളുടെ സങ്കല്പാതീതമായ ത്യാഗത്തിന് ഒരു അർത്ഥവും ഇല്ലെന്ന് വരും.

**6**. ഭക്ഷണം കഴിക്കൽ, ഇണചേരൽ, കുട്ടികളെ കേമന്മാരാക്കൽ, കല്യാണത്തിനും ചാവടിയന്തരത്തിനും പോവൽ, ടി.വി കാണൽ, ചന്തയാകുന്ന ദൈവത്തെ ആരാധിക്കൽ തുടങ്ങിയവയിൽ കവിഞ്ഞ അജൻഡകളൊന്നും ഇല്ലാത്ത കുടുംബങ്ങളെ അധപതനത്തിന്റെ പടുകുഴികളായി തിരിച്ചറിയേണ്ടതുണ്ട്.

കുടുംബമെന്ന പ്രസ്ഥാനത്തിന് കമ്പോളത്തോട് അടിമത്തമുണ്ടാവാനുള്ള കാരണങ്ങളിൽ ഒന്ന്, കുട്ടികളും അവരുടെ ഔപചാരിക വിദ്യാഭ്യാസവുമാണ്. കുട്ടികളെ മുതലാളികളോ തൊഴിലാളികളോ ആവാൻ മാത്രം സഹായിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്ന് കഴിയുന്നത്ര വേഗം അവർക്ക് രക്ഷ കിട്ടണം. അതിന് പ്രകൃതിയോടിണങ്ങിയ ജീവിതശൈലിയും അതിൽ നിന്ന് വേറെയല്ലാത്ത വിദ്യാഭ്യാസ രീതിയും വികസിക്കണം. കുട്ടികളുടെ പ്രധാനപ്പെട്ട അധ്യാപകർ തങ്ങളാണെന്നതിനൊപ്പം അവർ തങ്ങളുടെ സ്വകാര്യസ്വത്ത് അല്ലെന്നും മാതാപിതാക്കൾ അറിയണം. അതുപോലെ ഓരോ കുട്ടിയും എല്ലാ മനുഷ്യരുടെയും ഉത്തരവാദിത്തമാണെന്നത് പ്രയോഗത്തിൽ വരുന്ന സമൂഹത്തിൽ മാത്രമേ മനുഷ്യരുടെ ഒരുമയെക്കുറിച്ച് യാതൊരു സംശയവും ഇല്ലാത്ത തലമുറ വളർന്നു വരൂ. അങ്ങനെ മാത്രമേ കുട്ടികളുടെ രക്ഷാകർതൃത്വം എന്ന ദുരിതത്തിൽ നിന്ന് മാതാപിതാക്കൾക്കും രക്ഷ കിട്ടൂ.

**7**. ഭാവി തലമുറക്ക് വേണ്ടി പ്രകൃതിയെ സംരക്ഷിക്കണമെന്നാണ് പ്രകൃതിസ്നേഹികൾ പറയാറ്. എന്നാൽ മൊത്തത്തിലുള്ള അന്യവൽക്കരണം കൊണ്ട്, ഈ വരും തലമുറ വേറെയാരോ ആണെന്നാണ് നമ്മുടെ വിചാരം. അതുകൊണ്ടാണ് നമ്മൾ ഇതെല്ലാം കുളം തോണ്ടുന്നതും. നമ്മൾ തന്നെയാണ് എപ്പോഴും ഉള്ളതെന്ന് മനസിലാവുമ്പോഴാണ് സുസ്ഥിരത എന്നത് നമുക്കെല്ലാ തരത്തിലും അർത്ഥവത്താവുക.

**8**. സ്വയംഭരണത്തിന്റെ (self-governance) അടിസ്ഥാനതത്വങ്ങൾ മനുഷ്യർ വേണ്ടവണ്ണം മനസിലാക്കുകയാണെങ്കിൽ, അത് ചെയ്യണം ഇത് ചെയ്യരുത് എന്ന് ആരും ആരോടും പറയേണ്ടതില്ല; സാർവത്രിക മൂല്യങ്ങളെ മാനിക്കുന്ന ഏതു ജീവിതരീതിയും ആർക്കും പിന്തുടരാനാവും. മനുഷ്യരുടെ സാമാന്യബുദ്ധിക്ക് നിരക്കുന്ന മൂല്യശാസ്ത്രത്തിന്റെ അഭാവമാണ് അച്ചടക്കം അടിച്ചേൽപ്പിക്കുന്ന ഭരണകൂടത്തെ അനിവാര്യമാക്കുന്നത്.

**9**. ജീവിതത്തെ ഒരു മുഴുനീള വിദ്യാഭ്യാസ പ്രക്രിയയായി മനസിലാക്കി അനിവാര്യമായ ആ വിദ്യാർത്ഥിത്വത്തെ അഭിമുഖീകരിക്കുക. അറിവിന് രണ്ടു തലങ്ങൾ ഉണ്ട്; ദൈനംദിന വ്യവഹാരികതകളുടെ വിജ്ഞാന മണ്ഡലവും, എവിടെയും ഏതുകാലത്തും മനുഷ്യരെ സംബന്ധിച്ചു പ്രസക്തമായ ജ്ഞാനമണ്ഡലവും. കാളിദാസൻ, റൂസ്സോ, ഹെന്റി ബെർഗ്സൺ, ഹ്യൂഗോ, തുടങ്ങിയവരുടെ കൃതികൾ രണ്ടാമത് പറഞ്ഞ വിഭാഗത്തിൽ പെടുന്നവയാണ്. ഇതിൽ ജ്ഞാന മാർഗത്തിന് ഊന്നൽ കൊടുക്കുന്ന പഠന പ്രക്രിയയ്ക്ക് വളരെ പ്രാധാന്യമുണ്ട്. എന്തുണ്ണും എന്തുടുക്കും എന്ന് ചിന്തിക്കാൻ വിധിക്കപ്പെട്ട ജന്തുവൊന്നുമല്ല മനുഷ്യനെന്നറിയുവാൻ അത് സഹായിക്കും.

മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നതെന്ന് യേശു പറയുന്നതിലെ 'അപ്പം' മനുഷ്യജീവിതത്തിലെ അനിവാര്യതകളുടെയെല്ലാം പ്രതിനിധിയാണ്. അപ്പത്തെക്കുറിച്ചു പറയുന്നതിലൂടെ ജീവിതത്തിലെ പരിമിതികളെയെല്ലാം ആദ്യമേ അംഗീകരിക്കുകയാണ്; എന്നിട്ടാണ് നമ്മൾ പരിമിതികളില്ലാത്ത ഒന്നാണെന്ന് സൂചിപ്പിക്കുന്നത്. ഈ രീതിയിൽ ജീവിതത്തിലെ അന്നം മുതൽ അറിവ് വരെയുള്ള മൂല്യങ്ങളെയെല്ലാം സമന്വയിപ്പിക്കുന്ന യോഗദർശനം (dialectical vision) ലോകത്തെക്കാലവും നിലനിന്നിട്ടുണ്ട്. വ്യവസ്ഥാപിത മതങ്ങൾ തങ്ങളുടെ കുത്തകയാക്കി വെച്ചിട്ടുള്ളതും അല്ലാത്തതുമായ എത്രയെങ്കിലും കൃതികളിലും കലകളിലും സൂക്ഷ്മമായി ഈ ജ്ഞാനസരണി നിലനില്ക്കുന്നുമുണ്ട്. മതത്തെയും പൗരോഹിത്യത്തെയും ഒഴിവാക്കി നമുക്കിത് കൂടുതൽ മനസിലാക്കാനാവണം.

**– ശ്യാം ബാലകൃഷ്ണൻ**